# വെള്ളപ്പൂമാല സമർപ്പണം

കൊക്കരണിക്കാവിലെ ദേവചൈതന്യങ്ങളായ ദുർഗ്ഗാദേവിക്കും ശാസ്താവിനും 11 ദിവസം മുടങ്ങാതെ വെള്ളപ്പൂക്കൾ കൊണ്ടുള്ള മാല സമർപ്പണം ഉദ്ദിഷ്ട കാര്യസാദ്ധ്യത്തിന് ഉത്തമമാണെന്ന് ജോത്സ്യന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. രണ്ട് മാലയ്ക്ക് 50 രൂപയാണ് വില. 11 ദിവസത്തേക്ക് 550 രൂപ. ഈ വഴിപാട് നടത്തുവാൻ താല്പര്യമുള്ളവർ മാലവാങ്ങി ഉദ്ദിഷ്ട കാര്യസാദ്ധ്യത്തിനായി പ്രാർത്ഥിച്ചുകൊണ്ട് 3 പ്രദിക്ഷണം വച്ച് മാലകൾ മേൽശാന്തിയെ ഏൽപ്പിക്കാവുന്നതാണ്. ആദ്യ ദിവസമോ അല്ലെങ്കിൽ വഴിപാട് തീരുന്ന ദിവസമോ ക്ഷേത്രത്തിലെ ഒരു ദിവസത്തെ പൂജയും (550 രൂപ) രണ്ടിടത്ത് നെയ്വിളക്കും (60 രൂപ) ശാസ്താവിന് എള്ള് പായസവും (100 രൂപ) വഴിപാടായി നടത്തുന്നത് ഉത്തമമാണ്. വഴിപാടുകൾക്ക് ക്ഷേത്രകഴകം ഉഷയുടെ **9544537028** / മാനേജിംഗ് ട്രസ്റ്റിയുടെ **9447493395** എന്ന മൊബൈൽ നമ്പരിലോ വിളിക്കാവുന്നതാണ്. ഇതോടൊപ്പം തന്നെ രണ്ടിടത്തും ഐക്യമത്യ / ഭാഗ്യസൂക്ത പുഷ്പാഞ്ജലികളും (50 രൂപ) നടത്തി പ്രസാദം വാങ്ങി മടങ്ങണം.

വഴിപാട് നടത്തുന്നവർ തികഞ്ഞ ഭക്തിയോടും ആത്മാർത്ഥമായ പ്രാർത്ഥനയോടും കൂടി വേണം വഴിപാടുകൾ നടത്തേണ്ടത്. എങ്കിൽ അവർ ആഗ്രഹിക്കുന്ന കാര്യം ഉറപ്പായും നിറവേറുമെന്നതിൽ സംശയം വേണ്ട. ജീവിതത്തിൽ ഉയർച്ചയും താഴ്ചയുമെല്ലാം സ്വാഭാവികമാണ്. നമ്മുടെ ആപൽഘട്ടങ്ങളും വിഷമാവസ്ഥയും തരണം ചെയ്യുന്നതിന് (കോടാനുകോടി ദൈവങ്ങൾ ഉണ്ടെന്ന് വിശ്വസിക്കുന്ന ഹിന്ദുക്കൾ) അവരവരുടെ ഇച്ഛാനുസരണം ഏതെങ്കിലും ഒരു ദൈവത്തെ ആശ്രയിക്കുകയാണെങ്കിൽ ആ ദൈവങ്ങൾ നമ്മോടൊപ്പം എപ്പോഴും ഉണ്ടാകുകയും നമ്മെ ചേർത്തുപിടിക്കുകയും ചെയ്യുമെന്നതിന് സംശയം വേണ്ട.

*കൊക്കരണിക്കാവ് ദേവസ്വം ട്രസ്റ്റിനുവേണ്ടി*

കൊണ്ടാട്
10.11.2025

മാനേജിംഗ് ട്രസ്റ്റി
9447493395

കൊക്കരണിക്കാവ് ദേവസ്വം ട്രസ്റ്റ്
രജി. നം. 31/IV/2016

# കൊണ്ടാട് കൊക്കരണിക്കാവ് സങ്കടമോചിനീ ദുർഗ്ഗാ ദേവീക്ഷേത്രം

കൊണ്ടാട്, രാമപുരം. പി. ഒ., പാല (കോട്ടയം ജില്ല), പിൻ – 686574





## 114 –ാമത് മഹാനിവേദ്യ സമർപ്പണം

**2025 നവംബർ 23 (1201 വൃശ്ചികം 7 )**
**ഞായറാഴ്ച രാവിലെ 9 മണിക്ക്**

**2025 നവംബർ 17 (വൃശ്ചികം 1)**
**മണ്ഡലകാലാരംഭം**

## പൗർണ്ണമി പൂജ
## 2025 നവംബർ 5 ബുധനാഴ്ച

മഹാനിവേദ്യ സമർപ്പണം മലയാള മാസത്തിലെ ആദ്യ ഞായറാഴ്ചകളിൽ രാവിലെ 9 മണിക്ക്

ഓം ദുർഗ്ഗാദേവൈ നമഃ / ശ്രീ ധർമ്മശാസ്താ ശരണം

# 114 – ാമത്
# മഹാനിവേദ്യ സമർപ്പണം
# 2025 നവംബർ 23 (1201 വൃശ്ചികം 7)

കൊക്കരണിക്കാവ് ദേവിയുടെ പ്രിയ ഭക്തജനങ്ങളേ,

നമ്മുടെ ക്ഷേത്രത്തിൽ 2025 ഒക്ടോബർ 19ന് നടന്ന 113-ാമത് മഹാനിവേദ്യ സമർപ്പണത്തിൽ പങ്കെടുത്ത എല്ലാ ഭക്തജനങ്ങൾക്കും കൊക്കരണിക്കാവ് ദേവസ്വം ട്രസ്റ്റിന്റെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു.

ക്ഷേത്രത്തിലെ **114 – ാമത് മഹാനിവേദ്യ സമർപ്പണം 2025 നവംബർ 23 (1201 വൃശ്ചികം 7) ഞായറാഴ്ച രാവിലെ 9 മണിക്ക്** നടത്തപ്പെടുത്തുന്നു. മഹാനിവേദ്യ സമർപ്പണത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ഇതിനുമുമ്പ് പ്രതിപാദിച്ചിരുന്നത് ഭക്തജനങ്ങൾ ഓർക്കുമല്ലോ? ഇതുവരെ മുടങ്ങാതെ മഹാനിവേദ്യ സമർപ്പണങ്ങളിൽ പങ്കെടുത്ത ഭക്തജനങ്ങൾ ഇനിയും മുടക്കം വരാതെ പേരു വിവരങ്ങൾ മുൻകൂട്ടി ക്ഷേത്രത്തിൽ അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

## സർപ്പത്തിനും രക്ഷസ്സിനും വിശേഷാൽ പൂജ

ക്ഷേത്രത്തിലെ മഹാനിവേദ്യ സമർപ്പണ ദിവസം സർപ്പത്തിനും രക്ഷസ്സിനും പ്രത്യേകമായി നടത്തിവരാറുള്ള വിശേഷാൽ പൂജകളും മഹാനിവേദ്യ സമർപ്പണത്തോടൊപ്പം തന്നെ നടത്തിവരികയാണ്. സർപ്പദോഷങ്ങൾ മാറിക്കിട്ടുന്നതിന് സർപ്പപൂജയിലും, പിതൃദോഷങ്ങൾ മാറുന്നതിന് രക്ഷസ്സിനുള്ള പൂജയിലും ഭക്തജനങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്. ഇതിനായി പേരും നക്ഷത്രവും നൽകി 25 രൂപയുടെ രസീത് മുൻകൂട്ടി വാങ്ങേണ്ടതാണ്

# അടുത്ത പൗർണ്ണമി പൂജ
## 2025 നവംബർ 5 ബുധനാഴ്ച

ദേവീചൈതന്യം വർദ്ധിക്കുന്നതിനും ഭക്തജനങ്ങൾക്ക് ഐശ്വര്യം ഉണ്ടാകുന്നതിനുമായി ക്ഷേത്രജോത്സ്യന്റേയും തന്ത്രിയുടേയും നിർദ്ദേശാനുസരണം എല്ലാ മാസവും **പൗർണ്ണമിപൂജ** നടത്തിവരുന്നു. **2025 നവംബർ 5 ബുധനാഴ്ചയാണ്** അടുത്ത പൗർണ്ണിപൂജ. പൗർണ്ണമി പൂജ വഴിപാടായി നടത്തുവാൻ താല്പര്യമുള്ള ഭക്തജനങ്ങൾ പേരും നക്ഷത്രവും ക്ഷേത്രത്തിൽ നൽകി 300 രൂപയുടെ രസീത് മുൻകൂട്ടി വാങ്ങി പൗർണ്ണമി ദിവസം 6 മണിയോടുകൂടി ക്ഷേത്രത്തിൽ എത്തേണ്ടതാണ്. ക്ഷേത്രത്തിൽ വഴിപാടായി മാത്രം തുടങ്ങിയ "**പൗർണ്ണമിപൂജ**"യുടെ മഹത്വവും പ്രാധാന്യവും മനസിലാക്കി അതിൽ പങ്കെടുത്ത് പ്രാർത്ഥിച്ച് ഫലപ്രാപ്തിയുണ്ടായവർ ഇതുമൂലം തങ്ങൾക്കുണ്ടായ ഗുണഫലങ്ങൾ മറ്റുള്ളവരിലേക്കും എത്തിച്ച് കൂടുൽ പേരെ പൗർണ്ണമിപൂജ വഴിപാടായി നടത്തുവാനും, അവർക്കും കാര്യസിദ്ധിയും ആഗ്രഹസാഫല്യവും നേടുന്നതിനായി പ്രേരിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## പ്രത്യേക പുഷ്പാഞ്ജലികൾ

**ദുർഗ്ഗയുടേയും /ശാസ്താവിന്റേയും സഹസ്രനാമ / അഷ്ടോത്തര പുഷ്പാഞ്ജലികളും, ഐകമത്യ/ ഭാഗ്യസൂക്ത / പുരുഷസൂക്ത/ സ്വയംവര അർച്ചനകളും**

## ക്ഷേത്രത്തിലെ പ്രധാന വഴിപാടുകൾ

| ദേവിക്ക് | ശാസ്താവിന് |
|---|---|
| നിത്യപൂജ ദീപാരാധനയോടെ(500/-) | എള്ളുപായസം (150/-) |
| മഹാനിവേദ്യം (110/-) | നെയ്യ് വിളക്ക് (30/-) |
| ഇടിച്ചുപിഴിഞ്ഞുപായസം (800/-) | നീരാജ്ഞനം (50/-) |
| കടുംപായസം/പാൽപായസം (150/-) | |
| നെയ്യ് വിളക്ക് (30/-) | |

# അന്നദാനം

മഹാനിവേദ്യ ദിവസത്തെ അന്നദാനം നടത്തുവാൻ താൽപര്യമുള്ളവർ ക്ഷേത്ര മാനേജിംഗ് ട്രസ്റ്റിയുമായോ (9447493395) / ക്ഷേത്ര കഴകവുമായോ (9544537028) ബന്ധപ്പെടാവുന്നതാണ്.

## 2025 ലെ മഹാനിവേദ്യ സമർപ്പണ ദിനങ്ങൾ:

**ഡിസംബർ 21**